“എന്നിൽനിന്നു പഠിച്ചതും സ്വീകരിച്ചതും കേട്ടതും
എന്നിൽ കണ്ടതും നിങ്ങൾ ചെയ്യുവിൻ.
അപ്പോൾ സമാധാനത്തിൻെറ ദൈവം
നിങ്ങളുടെകൂടെയുണ്ടായിരിക്കും.” (ഫിലി.4/9).




# വിശുദ്ധ
# പാരമ്പര്യങ്ങൾ

പാരമ്പര്യങ്ങൾ എന്നുകേൾക്കുമ്പോൾ ചിലർക്ക് പുച്ഛമാണ്. പാരമ്പര്യത്തെ നിക്ഷേധിക്കുന്നതാണ് പുരോഗമനവാദം എന്നാണ് ഇക്കൂട്ടരുടെ വിശ്വാസം. എന്നാൽ കേവലം ആചാരങ്ങളെയാണ് പാരമ്പര്യമെന്ന് ഇവർ കരുതുന്നത്. പാരമ്പര്യത്തെക്കുറിച്ച് പറയുന്നവരെ പാരമ്പര്യവാദികൾ എന്ന് ആക്ഷേപിക്കുന്നു. വിശ്വാസവും പാരമ്പര്യവും രണ്ടാണന്നാണ് ഇവരുടെ പക്ഷം. മറ്റ് ചിലരാകട്ടെ, തിരുലിഖിതമല്ലാതെ മറ്റൊന്നുമില്ലെന്ന് കരുതുന്നു. ചില വൈദീകരാകട്ടെ, ഭാരതീയ പൂജ എന്നപേരിൽ പരിശുദ്ധ ഖുർബാനയെ തരംതഴ്ത്താൻ വിശുദ്ധ പാരമ്പര്യത്തെ നിഷേധിക്കുന്നു. അവർ പറയുന്നത് പാരമ്പര്യം അനുഷ്ഠിക്കണമെന്ന് തിരുലിഖിതങ്ങളിൽ പറഞ്ഞിട്ടില്ലത്രെ. ഇത് സത്യമോ? ഒരു അന്വേഷണം ...

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Kizhakkinte Sakshiyam
കിഴക്കിൻെറ സാക്ഷ്യം
A Voice of Eastern Christianity
MINISTRY OF JOHNSON P. VARGHESE

www.eastern-witness.blogspot.com

www.TheCMSIndia.org




നവീകരണ പ്രസ്ഥാനങ്ങളുടെ മുഖ്യധാരയിൽ നിന്നു വഴിമാറി, വ്യാഖ്യാനങ്ങളുടെ പുതുപഞ്ചാംഗം ചമയ്ക്കുന്നവരുടെ പെരുമഴക്കാലമാണിപ്പോൾ. ദൈവശാസ്ത്രപരമായി നിരക്ഷരരായ വിശ്വാസികളുടെ ഭയവും നിസ്സഹായതയും ചൂഷണം ചെയ്ത് തിരുസഭയിൽ നിന്ന് വിശ്വാസികളെ അടർത്തിമാറ്റുന്ന പ്രവണത കൂടുതലും കണ്ടുവരുന്നത് പ്രവാസികളുടെ ഇടയിലാണ്. പരസ്പരം കലഹിക്കുന്ന വിഘടനവാദികൾക്കെല്ലാം തിരുസഭയുമായുള്ള ബന്ധത്തിൽ ചില പൊതുസ്വഭാവങ്ങളുണ്ട്. പാരമ്പര്യ നിഷേധം, പുരോഹിത വിദ്വേഷം, രക്ഷയ്ക്ക് ദൈവ വചനം മാത്രം, കൂദാശാ നിഷേധം, വിശുദ്ധ ഗ്രന്ഥത്തിന്റെ ലിഖിതാർത്ഥ വ്യാഖ്യാനവും തന്നിഷ്ട വ്യാഖ്യാനവും, അന്യമതസ്ഥരോടുള്ള കടുത്ത അസഹിഷ്ണത, വെളിപാടു ഗ്രന്ഥത്തിനു നൽകുന്ന അമിത പ്രാധാന്യം, തിരുസഭയോടുള്ള കടുത്ത വിരോധം, നേതാക്കളുടെ സർവ്വാധിപത്യം തുടങ്ങിയവ അവയിൽ ചിലതാണ്.

ഇവയിൽ ‘പാരമ്പര്യവാദികൾ’ എന്ന് തിരുസഭാ വിശ്വാസികളെ ആക്ഷേപിക്കുന്നത് ഒരു പതിവാണ്. തിരുസഭാ വിശ്വാസികൾ ഈശോ മ്ശീഹായുടെയും ശ്ലീഹന്മാരുടെയും പാരമ്പര്യങ്ങൾ മുറുകെ പിടിക്കുന്നതിനാൽ ഒരർത്ഥത്തിൽ ഇത് ശരിയാണുതാനും. എന്നാൽ ആക്ഷേപകർക്ക് എന്താണ് പാരമ്പര്യം എന്നറിയില്ല. വളരെ അബദ്ധ ധാരണകളാണ് അവരെ നയിക്കുന്നത്.

**പാരമ്പര്യങ്ങൾ രണ്ട് തരത്തിലുണ്ട്:**

1. **ദൈവ കല്പനകളോട് ചേർന്നു പോകുന്നതും വിശദീകരിക്കുന്നതുമായ പരമ്പര്യങ്ങൾ.**
2. **ദൈവപ്രമാണങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾ.**

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇവയുടെ വ്യത്യാസം അറിയാതെ പാരമ്പര്യങ്ങൾ എല്ലാം വചന വിരുദ്ധമാണെന്ന് ധരിക്കുന്നവരാണ് അബദ്ധ പ്രബോധനങ്ങളിൽ ചെന്നു വീഴുന്നത്.

### എന്താണ് തിരുസഭയുടെ പാരമ്പര്യങ്ങൾ?

തിരുസഭയിൽ ശതാബ്ദങ്ങളായി നിലനിന്നുപ്പോരുന്ന വിശ്വാസം, ആചാരങ്ങൾ, തത്വസംഹിതകൾ എന്നിവയാണ് ‘പാരമ്പര്യം’ എന്നതിനു കല്പിക്കുന്ന അർത്ഥം.

തന്റെ പ്രബോധനങ്ങൾ, പ്രവർത്തികൾ, മാതൃക ഇവയിലൂടെ ക്രിസ്തു നൽകിയ സത്യങ്ങളെ, അപ്പസ്തോലന്മാർ തങ്ങളുടെ സുവിശേഷ പ്രസംഗം, മാതൃക, നിയമങ്ങൾ മുതലായവവഴി പിൻഗാമികൾക്ക് കൈമാറി.

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഈ പ്രക്രിയയ്ക്ക് രണ്ട് രൂപങ്ങളാണുണ്ടായിരുന്നു; ദൈവം വെളിപ്പെടുത്തിയത് നിലനിന്നുപോന്നത് വാമൊഴിയായും വരമൊഴിയായുമാണ്; വാമൊഴിയായിട്ടുള്ളതിനെ വിശുദ്ധ പാരമ്പര്യങ്ങളെന്നും വരമൊഴിയായിട്ടുള്ളതിനെ വിശുദ്ധ ലിഖിതങ്ങളെന്നും വിളിക്കുന്നു.

ഉദാഹരണമായി, പെസഹാ ആചരണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: “ഇതിന്റെ അർത്ഥമെന്താണെന്നു നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം: ഇത് കർത്താവിനർപ്പിക്കുന്ന പെസഹാ ബലിയാണ്. അവിടുന്ന് ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി, ഈജിപ്തുകാരെ സംഹരിച്ചപ്പോൾ അവിടുന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചു. അപ്പോൾ ജനം കുമ്പിട്ട് ദൈവത്തെ ആരാധിച്ചു.” (പുറ. 12/26–27).

ഇസ്രായേൽ മക്കളെ ഈജിപ്തിന്റെ അടിമത്വത്തിൽനിന്നും അത്ഭുതകരമായി രക്ഷപെടുത്തിയ സംഭവം തങ്ങളുടെ മക്കൾക്ക് പറഞ്ഞു കൊടുക്കുന്നു. ഇതാണ് വാമൊഴി പാരമ്പര്യം.

പാരമ്പര്യത്തെക്കുറിച്ച് മാർ പൗലോസ് ശ്ലീഹാ പറയുന്നു: “ഞാൻ മ്ശീഹായെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ. എല്ലാകാര്യങ്ങളിലും നിങ്ങൾ എന്നെ അനുസ്മരിക്കുന്നതിനാലും ഞാൻ നൽകിയ പാരമ്പര്യം അതേപടി സംരക്ഷിക്കുന്നതിനാലും ഞാൻ നിങ്ങളെ പ്രശംസിക്കുന്നു.” (1കൊറി. 11/1–2).

ശ്ലീഹന്മാർ വിശ്വാസികൾക്ക് പ്രബോധനങ്ങൾ നൽകിയത് ലേഖനങ്ങളിലൂടെ മാത്രമായിരുന്നില്ല. അവർ നേരിട്ടു പഠിപ്പിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അത്തരം നിർദ്ദേശങ്ങൾ സഭയിൽ തലമുറകളായി പാലിക്കപ്പെടുന്നു.

## വി. പാരമ്പര്യവും വി. ലിഖിതവും

“വിശുദ്ധഗ്രന്ഥം മനസ്സിലാക്കണമെങ്കിൽ പാരമ്പര്യം കൂടിയേ തീരൂ. കാരണം, വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥവും വ്യാപ്തിയും പാരമ്പര്യങ്ങളിൽ നിന്നാണ് ലഭിക്കുക. പോരെങ്കിൽ, നിരന്തരമായ വ്യാഖ്യാനവും വിശദീകരണങ്ങളും ലിഖിതങ്ങൾക്കാവശ്യമാണ്. ഇക്കാരണങ്ങളാൽ വി. പാരമ്പര്യങ്ങളും വി. ലിഖിതങ്ങളും തിരുസഭയുടെ പ്രബോധനാധികാരവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്”. (2–ാം വത്തിക്കാൻ കൗൺസിൽ)

ഈശോ മിശിഹാ പറഞ്ഞതും പ്രവർത്തിച്ചതും ദൈവം മ്ശീഹാവഴി വെളിപ്പെടുത്തിയതുമായ എല്ലാകാര്യങ്ങളും വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ല. “ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു.”. (യോഹ. 20/30), “ഈശോ ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്.” (യോഹ.21/25). എങ്കിലും മനുഷ്യരക്ഷയ്ക്കു അത്യാവശ്യമായവ എഴുതപ്പെട്ടിട്ടുണ്ട് (യോഹ. 20/31). ജീവനിൽ വളരാൻ സഹായിക്കുന്നവ വി. ഗ്രന്ഥത്തിൽ മാത്രമല്ല, ജീവിത സാക്ഷ്യങ്ങളിലും ഉണ്ട്. ശ്ലീഹന്മാർ ആദ്യം തങ്ങളുടെ ദൈവാനുഭവം പ്രഘോഷിക്കുകയാണ് ചെയ്തത്. അതുകൊണ്ട് തങ്ങൾ ജീവിക്കുന്നതുപോലെ



www.TheCMSIndia.org



സത്യത്തിനു സാക്ഷികളായി ജീവിക്കുന്നതിനു ശ്ലീഹന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. “എന്നിൽനിന്നു പഠിച്ചതും സ്വീകരി ച്ചതും കേട്ടതും എന്നിൽ കണ്ടതും നിങ്ങൾ ചെയ്യുവിൻ. അപ്പോൾ സമാധാനത്തിന്റെ ദൈവം നിങ്ങളുടെകൂടെയുണ്ടായിരിക്കും.” (ഫിലി.4/9).

ഈശോയിൽ നിന്നു കണ്ടതും കേട്ടതുമായ സത്യങ്ങൾ ശ്ലീഹന്മാർ സാക്ഷ്യം നൽകി. ശ്ലീഹന്മാരുടെ ആ സാക്ഷ്യം സ്വീകരിച്ച് വിശ്വാസിസമൂഹങ്ങൾ ജീവിച്ചു. അത് ജീവിതസാക്ഷ്യങ്ങളിലൂടെയും പഠിപ്പിക്കലിലൂടെയും തലമുറകൾക്ക് കൈമാറിവന്നു.

അങ്ങനെ ശ്ലൈഹികകാലം മുതൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്തിരുന്ന വിശ്വാസസത്യങ്ങളും അവയുടെ ആഘോഷങ്ങളും ഉണ്ട്. അവയാണ് തിരുസഭയുടെ വി. പാരമ്പര്യങ്ങൾ.

മാർ പൗലോസ് ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നു: “നീ എന്നിൽനിന്നു കേട്ടിട്ടുള്ള നല്ല പ്രബോധനങ്ങൾ ഈശോമ്ശീഹായിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക, മാതൃകയാക്കുക. നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തു സൂക്ഷിക്കുക.” (2 തിമോ. 1/13–14). മാർ പൗലോസ് ശ്ലീഹാ എഴുതാത്തതും എന്നാൽ ശ്ലീഹായിൽ നിന്ന് കേട്ടിട്ടുള്ളതുമായ പ്രബോധനങ്ങളെക്കുറിച്ചാണു ഇവിടെ ഓർമ്മപ്പെടുത്തുന്നത്.

തിരുസഭ മ്ശീഹായാൽ സ്ഥാപിക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശ്ലീഹന്മാരിലൂടെ വളർത്തപ്പെട്ടതുമാണ്. അതുകൊണ്ട് ശ്ലൈഹിക കാലംമുതൽ സജീവ പാരമ്പര്യങ്ങളെ തിരുസഭ കാത്തു സൂക്ഷിക്കുകയും ജീവിക്കുകയും ചെയ്യുന്നു. “അനേകം സാക്ഷികളുടെ മുമ്പിൽവച്ചു നീ എന്നിൽ നിന്നു കേട്ടവ, മറ്റുള്ളവരെക്കൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്കു പകർന്നുകൊടുക്കുക.” (2തിമോ.2/2).

“...ജീവിക്കേണ്ടതും ദൈവത്തെ പ്രീതിപ്പെടുത്തേണ്ടതും എങ്ങനെയെന്നു നിങ്ങൾ ഞങ്ങളിൽനിന്നു പഠിച്ചു; അതനുസരിച്ച് ഇപ്പോൾ നിങ്ങൾ ജീവിക്കുന്നതുപോലെ ഇനിയും മുന്നേറുവിൻ. കർത്താവായ ഈശോയുടെ നാമത്തിൽ ഞങ്ങൾ ഏതെല്ലാം അനുശാസനങ്ങളാണു നൽകിയതെന്നു നിങ്ങൾക്കറിയാം.” (1തെസ. 4/1–2). ശ്ലീഹന്മാരിൽ നിന്ന് പഠിച്ച ജീവിത ശൈലിയാണ് തലമുറകളായി കൈമാറി വരുന്ന ശ്ലൈഹിക പാരമ്പര്യങ്ങൾ.

“വിശപ്പുള്ളവൻ വീട്ടിലിരുന്നു ഭക്ഷിച്ചുകൊള്ളട്ടെ. അല്ലെങ്കിൽ നിങ്ങളുടെ സമ്മേളനം ശിക്ഷാവിധിക്കേ ഉപകരിക്കുകയുള്ളൂ. ഇനിയുള്ള കാര്യങ്ങൾ ഞാൻ വരുമ്പോൾ ക്രമപ്പെടുത്തിക്കൊള്ളാം.” (1കൊറി.11/34)


പൗലോസ് ശ്ലീഹാ നേരിട്ട് നടത്തിയ ക്രമീകരണങ്ങൾ വി. ഗ്രന്ഥത്തിൽ വിവരിച്ചിട്ടില്ല. അപ്പോൾ അവ എന്താണ്? ക്രമപ്പെടുത്തപ്പെട്ട കാര്യങ്ങൾ പാരമ്പര്യങ്ങളായിത്തീർന്നു.

“ഇനി വളരെക്കാര്യങ്ങൾ നിങ്ങൾക്കെഴുതാനുണ്ട്. എങ്കിലും, അതിനു കടലാസും മഷിയും ഉപയോഗിക്കാൻ എനിക്കു താല്പര്യമില്ല. എന്നാൽ, നമ്മുടെ ആനന്ദം പൂർണമാകുന്നതിനുവേണ്ടി, നിങ്ങളുടെയടുത്തുവന്നു മുഖാഭിമുഖം സംസാരിക്കാമെന്നു ഞാൻ പ്രത്യാശിക്കുന്നു.” (2യോഹ.1/12).

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA





"താമസിയാതെ നിന്നെ കാണാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ മുഖാഭിമുഖം നമുക്കു സംസാരിക്കാം." (3യോഹ.13/14) മാർ യോഹന്നാൻ ശ്ലീഹാ മുഖാഭിമുഖം സംസാരിച്ചവയും പാരമ്പര്യങ്ങളായി തുടരുന്നു.

വാമൊഴിയായും ലിഖിതമായും ശ്ലീഹന്മാർ പഠിപ്പിച്ചവ പാരമ്പര്യങ്ങളാണെന്ന് വി. ഗ്രന്ഥം വ്യക്തമാക്കുന്നു: "അതിനാൽ, സഹോദരരേ, ഞങ്ങൾ വചനം മുഖേനയോ കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുവിൻ." (2തെസ.2/15).

ആയതിനാൽ മാർ പൗലോസ് ശ്ലീഹാ പാരമ്പര്യം സംരക്ഷിക്കുന്നവരെ പ്രശംസിക്കുന്നു: "ഞാൻ മ്ശീഹായെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ. എല്ലാകാര്യങ്ങളിലും നിങ്ങൾ എന്നെ അനുസ്മരിക്കുന്നതിനാലും ഞാൻ നൽകിയ പാരമ്പര്യം അതേപടി സംരക്ഷിക്കുന്നതിനാലും ഞാൻ നിങ്ങളെ പ്രശംസിക്കുന്നു." (1കൊറി.11/1–2). തിരുവചനപ്രകാരം ശ്ലൈഹിക പാരമ്പര്യങ്ങൾ സംരക്ഷിക്കുകയും പാലിക്കുകയും ചെയ്യുന്ന തിരുസഭയും തിരുസഭാവിശ്വാസികളും പ്രശംസാർഹരാണ്.

"നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകംപേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ, ആദിമുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകന്മാരും ആയിരുന്നവർ നമുക്ക് ഏൽപ്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്." (ലൂക്കാ.1/1–2). സുവിശേഷങ്ങൾ എഴുതിയത് ദൃക്സാക്ഷികളായ ശ്ലീഹന്മാരോ അവരുടെ ശിഷ്യന്മാരോ ആണ്.

ഈശോ മ്ശീഹാ തന്റെ ഇഹലോക ജീവിത കാലത്ത് എന്തെങ്കിലും എഴുതിയതായിട്ട് അറിവില്ല. എന്നാൽ ക്രിസ്തു സ്ഥാപിച്ച സഭ ശ്ലീഹന്മാരുടെ സാക്ഷ്യങ്ങളാൽ വളർന്നുകൊണ്ടിരുന്നു. ശ്ലീഹന്മാരുടെ പ്രബോധനങ്ങളും മാതൃകകളും അനുസരിച്ച് ആദിമസഭ ജീവിച്ചുകൊണ്ടിരുന്നു. ആദിമസഭ ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ പഠിക്കുകയും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന പല കാര്യങ്ങളും കാലക്രമത്തിൽ എഴുതപ്പെട്ടു. അങ്ങനെ സുവിശേഷങ്ങളും ശ്ലൈഹിക നടപടികളും ലേഖനങ്ങളും അവസാനം മാർ യോഹന്നാൻ ശ്ലീഹായാൽ വെളിപാടും എഴുതപ്പെട്ടു. അങ്ങനെ പുതിയനിയമ ഗ്രന്ഥം കാലക്രമത്തിൽ തിരുസഭയാൽ രൂപപ്പെട്ടു.

പഴയനിയമത്തിലെ പഞ്ചഗ്രന്ഥിയുടെ രചയിതാവ് മോശയാണ്. മോശയുടെ ജനനം പുറപ്പാട് പുസ്തകത്തിലാണ് വിവരിക്കുന്നത്. അതിനുമുമ്പുള്ള സൃഷ്ടിയുടെ പുസ്തകത്തിലെ കാര്യങ്ങൾ പ്രവാചകനായ മോശയ്ക്ക് എങ്ങനെ ലഭിച്ചു? അവ പാരമ്പര്യമായി ലഭിച്ചവയാണ്.

അവസാനമായി, ഈശോ മ്ശീഹാ വഴിയായി മാർ തോമാ ശ്ലീഹാ പകർന്നുതന്ന പാരമ്പര്യമാണ് 'മാർഗ്ഗം' എന്നറിയപ്പെടുന്നത്. 'മാർ തോമാ മാർഗ്ഗം' എന്ന് നാം ആ ജീവിതചര്യയെ വിളിക്കുന്നു. പരിശുദ്ധ ഖുർബാനയും ദൈവസ്തുതികളായ യാമപ്രാർത്ഥനകളും സങ്കീർത്തന ആലാപനങ്ങളുമാണ് ഈശോമാർഗ്ഗത്തിൽ പ്രധാനം. ഈ വിശുദ്ധ പാരമ്പര്യം ഈശോയുടെ ഭാഷയായ സുറിയാനി (ആറമായ)ലാണ് നമുക്ക് കൈമാറ്റം ചെയ്യപ്പെട്ടത്. ആയതിനാൽ നമുക്ക് കൈമോശം വന്ന മാർഗ്ഗവും നമ്മെ ഒന്നിപ്പിക്കുന്ന ആരാധനാഭാഷയായ സുറിയാനിഭാഷയും വീണ്ടെടുക്കാം. അതിനായി മ്ശീഹാ നമ്മിൽ കൃപ ചൊരിയട്ടെ! ആമ്മേൻ!



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART